## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **4549** 20/10/2011 – ൽ മറുപടിയ്ക്ക്

## ശ്രീ.ബാലകൃഷ്ണപിള്ളയ്ക്ക് ജയിൽ വാസത്തിൽ അനുവദിച്ച ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ഗുരുദാസൻ<br>ശ്രീ. സാജു പോൾ<br>ശ്രീ.എം.ഹംസ<br>ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ. ഉമ്മൻ ചാണ്ടി<br>( മുഖ്യമന്ത്രി) |

| | |
|---|---|
| (എ) സെൻട്രൽ ജയിലിൽ തടവിൽ കഴിയുന്ന ശ്രീ.ആർ.ബാലകൃഷ്ണപിള്ളയുടെ ശിക്ഷാ കാലാവധി എത്രയാണ് ; ഏത് വിധിപ്രകാരമാണദ്ദേഹം ശിക്ഷിക്കപ്പെട്ടത് ; എന്നാണ് അദ്ദേഹം ജയിലിൽ പ്രവേശിക്കപ്പെട്ടത് ; ഇതിനകം എത്ര ദിവസം പരോളിൽ ഇറങ്ങി ; പരോൾ അനുവദിക്കുന്നതിനായി സർക്കാർ എത്ര തവണ ഉത്തരവ് നൽകുകയുണ്ടായി ; | (എ) ഒരു വർഷവും 10,000/– രൂപ പിഴയും പിഴ അടച്ചില്ല എങ്കിൽ ഒരു മാസം കൂടി തടവുശിക്ഷ അനുഭവിക്കേണ്ടതാണ്. സുപ്രീം കോടതിയുടെ 10/2/2011 ലെ **Crl.Appeal 350/2006** പ്രകാരം,45 ദിവസത്തെ അടിയന്തിര അവധിയും 30 ദിവസത്തെ സാധാരണ അവധിയും,മൂന്ന് തവണ ഉത്തരവ് നൽകുകയുണ്ടായി |
| (ബി) സാധാരണ തടവുകാരനിൽ നിന്ന് വ്യത്യസ്ഥമായി ഇദ്ദേഹത്തിന് ജയിൽ വാസത്തിൽ അനുവദിച്ച ആനുകൂല്യങ്ങളും ഇളവുകളും എന്തൊക്കെയാണ് ; | (ബി) അദ്ദേഹം സാധാരണ തടവുകാരനല്ല. മുൻസർക്കാർ എ ക്ലാസ്സ് തടവുകാർക്കുള്ള പരിഗണന അനുവദിച്ചിട്ടുള്ളയാളാണ്. ഇതു കൂടാതെ മെഡിക്കൽ ബോർഡിന്റെ നിർദ്ദേശപ്രകാരം സ്വന്തം എയർകൂളർ വെയ്ക്കുന്നതിനും ഇരുമ്പിന്റെ അംശം കുറയ്ക്കുന്നതിന് വീട്ടിൽ നിന്നും ആഹാരം കൊണ്ടുവരുന്നതിനും അനുവാദം നൽകിയിട്ടുണ്ട്. |

(PTC)

| | |
|---|---|
| (സി) ചികിത്സാർത്ഥം തടവ് എവിടേക്കാണ് മാറ്റിയത് ; സർക്കാർ ആശുപത്രികളിൽ സൗകര്യമില്ലാത്തതുകൊണ്ടാണോ പ്രൈവറ്റ് ആശുപത്രിയിലേക്ക് മാറ്റിയത് ; | (സി) കിംസ് ആശുപത്രി തിരുവനന്തപുരം . ഹീമോക്രോമറ്റോസിസ് എന്ന രോഗം ചികിത്സിക്കാൻ സർക്കാർ ആശുപത്രികളിൽ പ്രത്യേക ഡിപ്പാർട്ട്മെന്റ് ഇല്ല. വെല്ലൂർ മെഡിക്കൽ കോളേജിൽ ഹെമറ്റോളജിയുടെ തലവനായിരുന്ന ഡോക്ടർ ഉള്ളത് കിംസ് ആശുപത്രിയിലാണ്. |
| (ഡി) ചികിത്സയ്ക്ക് സ്വകാര്യ ആശുപത്രിയിൽ കഴിയുമ്പോഴോ പരോളിൽ ഇറങ്ങിയപ്പോഴോ ജയിൽ നിയമങ്ങളുടെയോ ചട്ടങ്ങളുടെയോ ഏതെങ്കിലും നിലയിലുള്ള ലംഘനം ബാലകൃഷ്ണപിള്ള നടത്തുകയുണ്ടായോ ; | (ഡി) ആദ്യം പരോളിൽ ഇറങ്ങിയപ്പോൾ ജയിൽ ക്ഷേത്രത്തിനടുത്ത്വെച്ച് പത്രക്കാരോട് സംസാരിച്ചതിന് ജയിൽ എ.ഡി.ജി.പി അദ്ദേഹത്തിന് വാണിങ് നൽകിയിട്ടുണ്ട്. റിപ്പോർട്ടർ ചാനൽ പ്രതിനിധിയുമായി മൊബൈൽ ഫോണിൽ സംസാരിച്ച വിഷയത്തിൽ അന്വേഷണം നടത്തി ജയിൽ ചട്ടങ്ങളുടെ ലംഘനം കണ്ടെത്തിയതിനാൽ നാല് ദിവസത്തെ റെമിഷൻ കട്ട് ചെയ്തു. |
| (ഇ) ഇതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; കണ്ടെത്തിയ കുറ്റം എന്തായിരുന്നു ; | (ഇ) ഉണ്ട്. ജയിൽ നിയമത്തിന്റെ 81-ാം വകുപ്പ് 27-ാം ഉപവകുപ്പിന്റെ ലംഘനം കണ്ടെത്തി . |
| (എഫ്) എന്ത് ശിക്ഷ നൽകുകയുണ്ടായി ; ഏത് വ്യവസ്ഥ പ്രകാരമാണ് ശിക്ഷ നൽകിയത് ; ശിക്ഷാകാലാവധി കഴിയുന്നത് എന്നാണ് ? | (എഫ്) 81 -ാം വകുപ്പനുസരിച്ചിട്ടുള്ള ശിക്ഷകൾ 82-ാം വകുപ്പിലാണ് പറയുന്നത്. ആ 82-ാം വകുപ്പ് ചുവടെ ചേർക്കുന്നു. 81-ഉം 86-ഉം വകുപ്പ് പ്രകാരമുള്ള ശിക്ഷകൾ നടപ്പാക്കണമെങ്കിൽ 88 - ാം വകുപ്പനുസരിച്ച് അത് ജയിലിൽ തടവുകാരുടെ മുമ്പിൽ പ്രദർശിപ്പിക്കേണ്ടതാണ്. ഇത് ചെയ്തിട്ടില്ലാത്തതിനാൽ ശിക്ഷ നടപ്പാക്കാൻ കഴിയില്ല. 82-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിന്റെ 3 -ാം സെക്ഷനിൽ ഈ ആക്ടിൽ ഉള്ള രണ്ട് ശിക്ഷകൾ ഒരേ സമയം തടവുകാരന് കൊടുക്കാൻ പാടില്ലായെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ 81-ഉം 86-ഉം |

| | |
|---|---|
| | സുപ്രിം കോടതിയുടെ നിർദ്ദേശ പ്രകാരം തന്നെ ലഘുവായ ശിക്ഷയാണ് നൽകിയിട്ടുള്ളത്. 4 ദിവസത്തെ റെമിഷൻ കട്ട് ചെയ്തിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ